**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1653** **13-02-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ കോളേജുകളിലെ അധിക അധ്യാപകരുടെ പുനർവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ കോളേജുകളിലെ അധിക അധ്യാപക തസ്തിക പുനർവിന്യസിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | സ.ഉ.(സാധാ) നമ്പർ 770/2024/HEDN തീയതി.29.06.2024 പ്രകാരം നാലുവർഷ ബിരുദ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തിയാകുന്നത് വരെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും തസ്തികകളും തൽസ്ഥിതി നിലനിറുത്തി ലോക്ക് ചെയ്തതായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ കോളേജുകളിലെ അധിക അധ്യാപക തസ്തിക പുനർവിന്യസിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | 03.01.2001 ലെ ജി.ഒ. (പി) നം. 5/2001/ഹ. എഡ്യൂ. നമ്പർ ഉത്തരവിലൂടെ നിലവിൽ വന്ന പി.ജി. വെയ്റ്റേജ്, 01.04.2020 തീയ്യതിയിലെ G.O.(Ms)No.155/2020/HEDN, 25.05.2020 ലെ G.O.(Ms)No.193/2020/HEDN എന്നീ ഉത്തരവുകൾ എടുത്തുമാറ്റിയതിനെ തുടർന്നാണ് സർക്കാർ കോളേജുകളിൽ അധിക അധ്യാപക തസ്തിക രൂപപ്പെട്ടത് എന്നിരിക്കെ ഇരുപത് വർഷത്തിനിടയിൽ രൂപപ്പെട്ട എക്സസ് മൂലമുണ്ടാകുന്ന ഉദ്യോഗനഷ്ടം, പി.ജി. വെയ്റ്റേജ് എടുത്തുമാറ്റിയ 2020-ലെ ഉത്തരവ് വരുന്നതിനു മുമ്പുള്ള 2019-ലെ നോട്ടിഫിക്കേഷൻ വഴി നിലവിൽ വന്ന നിലവിലെ റാങ്ക് ലിസ്റ്റിനെ ബാധിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | അധിക തസ്തികകൾക്കു ശേഷമുള്ള വേക്കൻസികൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള വേക്കൻസികൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുകയും, പി.എസ്.സി. യിൽ നിന്നും നിയമന ശുപാർശ ലഭിച്ച മുറയ്ക്ക് നിയമന ഉത്തരവ് നൽകിയിട്ടുമുണ്ട്. |
| (സി) | യു.ജി.സി. മാനദണ്ഡ പ്രകാരമുള്ള ജോലി ഭാരമുണ്ടായിട്ടും ഭാഷാദ്ധ്യാപകരുടെ തസ്തികകൾ പല കോളേജുകളിലും സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ ആയത് സൃഷ്ടിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | അധിക ജോലിഭാരത്തിനനുസരിച്ച് അതിഥി അധ്യാപകരെ നിയമിക്കാവുന്നതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | 2021-22 അദ്ധ്യയന വർഷം അനുവദിച്ച പുതുതലമുറ കോഴ്സുകളിൽ പ്രവർത്തിക്കുന്നത് അതിഥി അദ്ധ്യാപകരാണെന്നിരിക്കെ പ്രസ്തുത | (ഡി) | പുതിയതായി ആദ്യ അഞ്ച് വർഷം അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ അനുവദിച്ച കോഴ്സുകൾക്ക് സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | കോഴ്സുകൾക്ക് സ്ഥിരം അദ്ധ്യാപകരെ പബ്ലിക് സർവീസ് കമ്മിഷൻ മുഖേന നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | നടപടികൾ സ്വീകരിച്ചതിനു ശേഷം മാത്രമേ നിയമന നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ